II.ഇ.ബി. XII-കേരള നിയമസഭ/XI-20

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 22, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

66(*599) സ്വകാര്യ ബസ്സുകളുടെ പെർമിറ്റും ബസ്സ് സർവ്വീസും

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 1375 സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വകാര്യ ബസ്സുകൾ പെർമിറ്റ് ലഭിച്ച റൂട്ടുകളിൽ കൃത്യമായി ഓടുന്നുണ്ടോയെന്ന് മോട്ടോർ വാഹന വകുപ്പിന്റെ ഫീൽഡ് ഉദ്യോഗസ്ഥർ പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലും ദൈനംദിന വാഹന പരിശോധന നടത്തുമ്പോഴും പരിശോധിക്കുന്നുണ്ട്. പെർമിറ്റ് വ്യവസ്ഥകൾ ലംഘിക്കുന്ന വാഹന ഉടമകൾക്കെതിരെ പിഴ ഈടാക്കുക, പെർമിറ്റ് സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ തലത്തിൽ പെർമിറ്റ് കൊടുക്കുന്നതിന് ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ഉൾക്കൊള്ളുന്ന ആർ.ടി.എ. ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ചും നാഷണൽ ഹൈവേ

47-ൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യ ബസ്സുകളുടെ മൽസരയോട്ടം തടയുന്നതിലേക്കായി വാഹന പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും അമിത വേഗതയും, ഗതാഗത ചട്ടങ്ങളുടെ ലംഘനവും കണ്ടുപിടിക്കുന്നതിന് ആധുനിക ഉപകരണം ഘടിപ്പിച്ച 'ഇന്റർസെപ്റ്റർ' ഉപയോഗിച്ച് പരിശോധന നടത്തുകയും സമയ പട്ടിക നൽകുമ്പോൾ സർവ്വീസുകൾ തമ്മിൽ പരമാവധി സമയം നൽകുവാൻ ശ്രമിക്കുകയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വാഹനപ്പെരുപ്പം പരിഗണിച്ച് കേന്ദ്ര മോട്ടോർ വാഹന നിയമം വകുപ്പ് 71 3(എ) പ്രകാരം പെർമിറ്റുകളുടെ എണ്ണം നിജപ്പെടുത്തുകയും ചെയ്യുന്നുണ്ട്. യാത്രക്കാരുടെ പൊതുവേയുള്ള ആവശ്യങ്ങൾ പരിഗണിക്കുക, സർവ്വീസുകൾ തമ്മിൽ പരമാവധി ഇടവേള ലഭിക്കുക, രാവിലേയും വൈകിട്ടുമുള്ള യാത്രക്കാരുടെ വർദ്ധിച്ച തോതിലുള്ള യാത്രാ ആവശ്യങ്ങൾ കണക്കിലെടുക്കുക, സീനിയർ ഓപ്പറേറ്റേഴ്സിന് മുൻഗണന നൽകുക എന്നിവയാണ് ഒരേ റൂട്ടിലേക്കുള്ള ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ. പ്രൈവറ്റ് ബസ്സുകളിൽ സ്പീഡ് ഗവേർണ്ണർ ഘടിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട് കാലപ്പഴക്കം ചെന്ന ബസ്സുകൾ വാങ്ങി സ്കൂൾ വാഹനമായി ഉപയോഗിക്കുന്ന സ്കൂൾ മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും

ബസ്സുകളുടേയും സംരക്ഷണത്തിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എവിടെയെങ്കിലും ലഭിക്കുന്നില്ലെന്ന് പരാതി കിട്ടിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഹെവി ലൈസൻസ് കിട്ടി പത്തുവർഷമെങ്കിലും പ്രവൃത്തി പരിചയമുള്ള ആളുകളെ മാത്രമേ ഡ്രൈവർമാരായി നിയമിക്കാവൂ എന്നകാര്യം പരിശോധിക്കുന്നതിനും ബസ്സപകടങ്ങളിൽപ്പെട്ട് ആളുകൾ മരിക്കുന്ന കേസ്സുകളിൽ ബസ്സ് ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തുന്നതിനും ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതനുസരിച്ച് സത്വര നടപടികൾ സ്വീകരിക്കുന്നതിനും സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

67(*600) <u>വേൾഡ് മലയാളം മിഷൻ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്ക്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ കീഴിൽ ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മലയാളം മിഷൻ എന്ന സ്ഥാപനം രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ സംഘം ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മിഷന് നൽകിയിട്ടുള്ള പേര് മലയാളം മിഷൻ (കേരള) സംഘം എന്നാണെന്നും ഭാരതത്തിലും വിദേശത്തും

സംഘത്തിന് പ്രവർത്തന വ്യാപ്തി നൽകിയിട്ടുള്ളതിനാൽ ലോകമെമ്പാടുമുള്ള മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാളം മിഷന്റെ പ്രയോജനം ലഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. മലയാളം മിഷൻ ഭരണ സമിതിയുടെ പ്രഥമ യോഗം 01-06-09-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടി സംഘത്തിന്റെ ഈ വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്ത് യോഗ തീരുമാനങ്ങൾ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. മലയാളം മിഷൻ രൂപീകരിക്കേണ്ടതിന്റെ അനിവാര്യതയും അതിന്റെ വികസന സാധ്യതകളും സംബന്ധിച്ച് പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ചെയർമാനായ വിദഗ്ദ്ധ സമിതി ചർച്ച ചെയ്യുകയും മലയാള ഭാഷയുടേയും കേരള സംസ്ക്കാരത്തിന്റേയും ആഗോള വ്യാപനത്തിന് മാത്രമല്ല കേരളത്തിന്റെ വികസനത്തിനും മറുനാടൻ മലയാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ മിഷൻ രൂപീകരണംകൊണ്ട് കഴിയുമെന്ന് സമിതി വിലയിരുത്തുകയും ചെയ്തു. മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷയും കേരള സംസ്ക്കാരവും പരിചയിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക, മലയാള ഭാഷയുടേയും കേരള സംസ്ക്കാരത്തിന്റേയും സംരക്ഷണവും പോഷണവും ഉറപ്പാക്കുക, മലയാളഭാഷ തെറ്റുകൂടാതെ പറയാനും എഴുതാനും വായിക്കാനും കുട്ടികളെ പരിശീലിപ്പിക്കുക, കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് മലയാളഭാഷാ പഠനം പ്രയോജനപ്പെടുത്തുക, മലയാളത്തിന്റെ പ്രതിഭകളുമായി ആശയ വിനിമയം നടത്താൻ കുട്ടികൾക്ക് അവസരം നൽകുക, കുട്ടികളുടെ സർഗ്ഗവാസനകൾ പോഷിപ്പിച്ച് അവ മലയാള ഭാഷയിലൂടെ പ്രകാശിപ്പിക്കുന്നതിന് കഴിവുണ്ടാക്കുക, മലയാള സാഹിത്യത്തിന്റെ ഉത്ഭവ വികാസ പരിണാമങ്ങൾ കുട്ടികളെ

പരിചയപ്പെടുത്തുക, ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രീയവും സാമൂഹികവുമായ ഗതിവിഗതികൾ, ജനജീവിതം, കലകൾ തുടങ്ങി കേരള സംബന്ധിയായ എല്ലാ വിഷയങ്ങളിലും സാമാന്യ വിജ്ഞാനം കുട്ടികൾക്ക് പകർന്നു നൽകുക, കേരളത്തിലെ ചരിത്ര സ്മാരകങ്ങൾ, സാംസ്ക്കാരിക കേന്ദ്രങ്ങൾ തുടങ്ങിയവ നേരിട്ടു മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുക, ആധുനിക സാങ്കേതിക വിദ്യയുമായി മലയാളഭാഷയെ കൂട്ടിയിണക്കിക്കൊണ്ടുള്ള നേട്ടങ്ങൾ കുട്ടികളെ പഠിപ്പിക്കുക, ഭാഷാപ്രേമവും ദേശസ്നേഹവും വളർത്തി മലയാള ഭാഷയുടെ സർവ്വതോൻമുഖമായ വികാസത്തിന് മറുനാടൻ മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നിവയാണ് ഈ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സംഘത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസ് തിരുവനന്തപുരത്തായിരിക്കും. സംഘത്തിന്റെ ഇപ്പോഴത്തെ ഓഫീസ്, സംഘത്തിന്റെ ഡയറക്ടറായ (മെംബർ സെക്രട്ടറി) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ് സെക്രട്ടറിയുടെ ഗവ. സെക്രട്ടേറിയറ്റിലുള്ള ഓഫീസാണ്. സംഘത്തിന് അതിന്റെ ഓഫീസ് തിരുവനന്തപുരത്തെ മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റാവുന്നതും ഭരണസമിതി സമയാസമയങ്ങളിൽ തീരുമാനിക്കുന്നപക്ഷം മറ്റു സ്ഥലത്തോ സ്ഥലങ്ങളിലോ സബ് ഓഫീസുകളോ സ്ഥാപനങ്ങളോ ഉണ്ടാകാവുന്നതുമാണ്. ഇതിനുപുറമെ ഡൽഹിയിലും ഇതുപോലുള്ള ഒരു സ്ഥാപനം അവിടുത്തെ മലയാളി സംഘത്തിന്റെ പിന്തുണയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. അവരും വളരെ നല്ലനിലയിൽ കുട്ടികൾക്ക് മലയാള പഠനത്തിനുള്ള സൗകര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പ്രവർത്തിക്കുന്ന മലയാളി സംഘടനകളുടെ താൽപ്പര്യപ്രകാരം മലയാള ഭാഷാ പഠനത്തിന് സിലബസ്

തയ്യാറാക്കി അയച്ചുകൊടുക്കുന്നതിന് നോർക്ക റൂട്ട്സ് എന്ന സ്ഥാപനം നല്ല പങ്ക് വഹിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ മലയാളി കുട്ടികളെ ഇന്റർനെറ്റ് വഴി മലയാള അക്ഷരം പഠിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിച്ച് സർക്കാർ മുന്നോട്ടു പോകുകയാണ്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളുടെ വിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മലയാള ഭാഷയ്ക്ക് പ്രത്യേകമായി സർവ്വകലാശാല രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

68(*601) <u>വന വികാസ് ഏജൻസികൾ</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഇപ്പോൾ 34 വനവികാസ് ഏജൻസികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നൂറു ശതമാനം കേന്ദ്ര സഹായത്തോടെയുള്ള ദേശീയ വനവൽക്കരണ പരിപാടി ഇപ്പോൾ 26 വന വികാസ് ഏജൻസികളിലുള്ള 440 വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി നടപ്പിലാക്കിവരുന്നുണ്ടെന്നും ശുഷ്ക വനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി വിവിധയിനം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, അതിലൂടെ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് വനാശ്രിത സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനവും ക്ഷേമവും ഉറപ്പുവരുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യമെന്നും ഇതിനകം ഇരുപത് ലക്ഷത്തോളം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്നും 10-ാം പദ്ധതിയിൽ തുടങ്ങിവച്ച ഈ പരിപാടി

യിൽ 2008-09 വർഷാവസാനം വരെ 24568.06 ഹെക്ടർ വനപ്രദേശത്ത് വന വൽക്കരണം നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും 33.42 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ടെന്നും ഇതിനകം 16.64 ലക്ഷം തൊഴിൽ ദിനങ്ങൾ വനാ ശ്രിതസമൂഹങ്ങൾക്ക് ഈ പരിപാടിമൂലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും 2009-2010 വർഷത്തേയ്ക്കുള്ള വനവത്ക്കരണ പദ്ധതികൾക്കായി 20.32 കോടി രൂപയുടെ വാർഷിക കർമ്മപരിപാടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടു ണ്ടെന്നും ഇതുവഴി ഏകദേശം ആറ് ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ ലഭ്യമാ കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ മന്ത്രി അറിയിച്ചു. നാഷണൽ ബാംബു മിഷൻ ധനസഹായം നൽകുന്ന മുള ഉല്പ്പാദനം, വനത്തിൽനിന്ന് ശേഖരിക്കുന്ന വിവിധയിനം ഔഷധ സസ്യങ്ങളുടെ സംസ്ക്കരണം, മൂല്യ വർദ്ധന നടത്തിയുള്ള വിപണനം, അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം വികസിപ്പിക്കൽ എന്നിവ ലക്ഷ്യമിടുന്ന നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതി, പട്ടികവർഗ്ഗ വിക സനവകുപ്പിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രാമവികസന പരിപാടി കൾ, ഇക്കോ ടൂറിസം എന്നിവയാണ് വനവികാസ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികൾ. വനം വകുപ്പും ടൂറിസം വകുപ്പും ചേർന്ന് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതിയിൽ പത്തൊൻപത് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അനങ്ങമ്മല ഇക്കോ ടൂറിസം പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സാധ്യമായ എല്ലാ സ്ഥലങ്ങളിലും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജൈവകൃഷി പ്രോൽസാഹിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും വംശനാശം നേരിടുന്ന ഔഷധസസ്യങ്ങളുടെ സംഭരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്

നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തൊഴിലാളികളുടെ സഹകരണത്തോടെ വഴിയോര തണൽ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ആദിവാസി ജനസമൂഹത്തിന്റെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

69(*602) <u>പി.ഡി.എസ്. ആട്ടയുടെ വിലവർദ്ധന</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ കൂടാതെ എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്കും എ.പി.എൽ. വിഭാഗത്തിലെ എസ്.സി./എസ്.റ്റി, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിക്കാർ എന്നിവർക്കും രണ്ടു രൂപ നിരക്കിൽ അരി വിതരണം നടത്തുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഹാജരാക്കുന്ന ജാതി തെളിയിക്കുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെയോ പട്ടികജാതി വകുപ്പ് നൽകുന്ന ലിസ്റ്റിന്റെയോ അടിസ്ഥാനത്തിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ട്രൈബൽ വകുപ്പിൽ നിന്നും നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും മത്സ്യത്തൊഴിലാളികൾ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും ആശ്രയപദ്ധതിയിൽപ്പെട്ടവർ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്. ബി.പി.എൽ. വിഭാഗക്കാർക്ക് പ്രതിമാസം 19 കി.ഗ്രാം അരിയും എ.എ.വൈ. വിഭാഗക്കാർക്ക് പ്രതിമാസം 35 കി.ഗ്രാം അരിയും എ.പി.എൽ വിഭാഗക്കാർക്ക് പ്രതിമാസം 10 കി.ഗ്രാം അരിയും ലഭ്യമാക്കുന്നു.ബി.പി.എൽ. വിഭാഗത്തിന് അരിക്ക് കി.ഗ്രാമിന് 6.20 രൂപയും ഗോതമ്പിന് കിലോഗ്രാമിന് 4.70 രൂപയുമാണ് കേന്ദ്ര സർക്കാർ വിൽപന വിലയായി നിശ്ചയിച്ചിട്ടുള്ളത്.

ഈ വിലയിൽ അരിക്ക് കിലോഗ്രാമിന് 3.20 രൂപയും, ഗോതമ്പിന് കിലോഗ്രാമിന് 1.70 രൂപയും സംസ്ഥാന സർക്കാർ സബ്സിഡി അനുവദിച്ച് കിലോഗ്രാമിന് മൂന്ന് രൂപ നിരക്കിൽ 2006 ഫെബ്രുവരി മുതൽ വിതരണം നടത്തി വരുന്നു. കേന്ദ്ര സർക്കാർ അനുവദിക്കുന്ന പ്രതിമാസ ബി.പി.എൽ അരി വിഹിതമായ 26566 മെ.ടണ്ണും ഗോതമ്പ് വിഹിതമായ 6963 മെ.ടണ്ണും ഈ പദ്ധതി പ്രകാരം വിതരണം നടത്തി വരുന്നു. 2009 മേയ്, 22 മുതൽ ബി.പി.എൽ അരിക്കും ഗോതമ്പിനും വീണ്ടും ഒരു രൂപാ കൂടി സബ്സിഡി അനുവദിച്ച് കിലോഗ്രാമിന് രണ്ട് രൂപാ നിരക്കിൽ വിതരണം നടത്തുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് മൂന്ന് രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് കേന്ദ്രം പ്രതിമാസം അനുവദിക്കുന്ന 20,855 മെ.ടൺ അരിക്ക് 22/05/2009 മുതൽ സംസ്ഥാന സർക്കാർ കിലോഗ്രാമിന് ഒരു രൂപ സബ്സിഡി നൽകി രണ്ടു രൂപ നിരക്കിൽ വിതരണം നടത്തുന്നു. കൂടാതെ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായും വിതരണം ചെയ്തുവന്നിരുന്നു. റേഷൻകട വഴി നൽകുന്ന ഫോർട്ടിഫൈഡ് ആട്ടയുടെ വില 27/12/2008 മുതൽ കി.ഗ്രാമിന് 11 രൂപയിൽ നിന്ന് 12 രൂപയായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകളുടെ കരാർ കാലാവധി തീർന്നതിനുശേഷം പുതിയ ടെണ്ടർ പ്രകാരം മില്ലുകൾക്ക് കൊടുക്കേണ്ട പ്രോസസ്സിംഗ് ചാർജ്ജിൽ വന്ന വർദ്ധനവും കോർപ്പറേഷന് മറ്റു ചിലവിനങ്ങളിൽ വന്ന വർദ്ധനവുമാണ് ആട്ടയുടെ വിൽപനവില 12 രൂപയായി വർദ്ധിപ്പിക്കാനുള്ള കാരണമെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4624 മുതൽ 4781 വരെയുള്ള ചോദ്യങ്ങളിൽ 112 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)